# പ്രബുദ്ധത

**ആമുഖം:** ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യവത്കരണ യജ്ഞത്തിനും സാമൂഹ്യവത്ക്കരണത്തിനും സമഗ്ര പങ്കാളിത്ത സ്വഭാവമുള്ള സമൂഹാധിഷ്ഠിത കർമ്മ പരിപാടി മാതൃക വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് പ്രബുദ്ധത. സംസ്ഥാന നിയമസഭയിൽ ബഹു. ഗവർണ്ണർ 2017 ഫെബ്രുവരി 23 ന് നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന പ്രബുദ്ധത പദ്ധതിയുടെ പ്രഥമ മാതൃക കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ, തിരുവനന്തപുരം ജില്ലയിലെ **കരകുളം** ഗ്രാമപഞ്ചായത്തിൽ കൗൺസിൽ നേരിട്ട് നടപ്പിലാക്കിവരികയാണ്. സാമൂഹ്യ സമ്മർദത്തിന്റെ ശക്തിയും സാദ്ധ്യതകളും പ്രയോജനപ്പെടുത്തി, സ്ഥിരം വീഥിയിലെ സഞ്ചാര നൈരന്തര്യത്തിന്റെ പതിവുകളിൽനിന്നും രീതികളിൽനിന്നും അക്കാദമിക കാഴ്ച്ചപ്പാടുകളെയും പ്രവർത്തനങ്ങളെയും മോചിപ്പിക്കാനുള്ള ധീര ശ്രമമാണ് ഇന്ത്യയിലെത്തന്നെ ആദ്യ socio-academic experiment ആയ പ്രബുദ്ധത. ആത്യന്തിക ലക്ഷ്യം ഉന്നത വിദ്യാഭ്യാസ മേഖലയുടെയും ഗവേഷണ-വിജ്ഞാന രംഗത്തിന്റെയും മേൻമ വർദ്ധനവ് തന്നെ.

**ചോദ്യങ്ങളിൽ നിന്ന് പിറന്ന ആശയം:** രാജ്യത്തിന്റെ പൊതു സ്വത്തിന്റെ പങ്ക് വ്യയംചെയ്ത് പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിജ്ഞാന കേന്ദ്രങ്ങൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സമൂഹത്തോടും സാമാന്യ ജനങ്ങളോടും എത്ര മാത്രം നീതി പുലർത്താൻ സാധിക്കുന്നു? ഇത്തരം കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും

നടക്കുന്ന പഠന ഗവേഷണ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനും ആകുലതകൾ പരിഹരിക്കാനും പര്യാപ്തമായവയാണോ? ഉന്നത വിജ്ഞാനത്തിന്റെ സദ്ഫലങ്ങൾ സമൂഹത്തിന്റെ അടിത്തട്ടിലേയ്ക്ക് ഊറിയെത്തുന്നുണ്ടോ? തങ്ങളുടെ തൊഴിലിലും ദൈനംദിന ജീവിതത്തിലും വിവിധ ഉന്നത വിജ്ഞാന ശാഖകൾക്ക് ചെലുത്താൻ കഴിയുന്ന സ്വാധീനത്തെക്കുറിച്ച് സാധാരണക്കാർ ബോധവാൻമാരാണോ? ഇത്തരമൊരു അവബോധം സൃഷ്ടിക്കാനും നിലനിർത്താനുമുതകുന്ന ആശയവിനിമയ സമ്പ്രദായം നമ്മുടെ രാജ്യത്ത് നിലവിലുണ്ടോ? പൊതുഖജനാവ് വിഭവ സ്രോതസ്സായ ഉന്നത വിജ്ഞാന കേന്ദ്രങ്ങളുടെ ഉൽപ്പന്നങ്ങളിൽ സാധാരണക്കാർക്കും അവകാശമില്ലേ? ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കാണപ്പെടേണ്ടതും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കപ്പെടേണ്ടതുമല്ലേ? ഉന്നത വിജ്ഞാനത്തിന്റെ സാമൂഹ്യ വ്യാപനം സാധ്യമാക്കുന്ന വിജ്ഞാന വിനിമയ സംസ്കാരം ഉരുത്തിരിഞ്ഞുവന്നാൽ അത് നാടിനും നാട്ടാർക്കും മാത്രമല്ല ഉന്നത വിജ്ഞാന കേന്ദ്രങ്ങൾക്കുതന്നെയും ഗുണകരമല്ലേ?

ഇത്തരം ചോദ്യങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന ആശയമാണ് പ്രബുദ്ധത. ഉന്നത വിജ്ഞാനത്തിന്റെ സദ്ഫലങ്ങൾ വിവിധ ആശയവിനിമയ സങ്കേതങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി സമൂഹത്തിൽ വ്യാപനം ചെയ്യാനുള്ള യജ്ഞമാണ് പ്രബുദ്ധത. മുഖത്ത് തണുത്ത വെള്ളംതളിച്ച് ഉണർത്തുന്നതുപോലെ, ഒരു പിടി ചോദ്യങ്ങളെറിഞ്ഞ് ഉന്നത വിജ്ഞാന കേന്ദ്രങ്ങളെ സാമൂഹ്യ പ്രതിബദ്ധതയുടെ പ്രഭാതത്തിലേയ്ക്ക് മിഴിതുറപ്പിക്കാനുള്ള ശ്രമമാണ് പ്രബുദ്ധത. ഒരു പുത്തൻ വിജ്ഞാന ഉദ്പ്പാദന - വ്യാപന സംസ്കാരത്തിന്റെ ഉൽപ്പത്തി പ്രഖ്യാപനമാണ് പ്രബുദ്ധത.

**പ്രബുദ്ധത എന്ന പ്രോജക്ട്:** ഒരു നവ സംസ്കാരത്തെ, പരിമിതമായ വിഭവശേഷിയുടെ പരിധിക്കുള്ളിൽനിന്ന്, കേരള സമൂഹത്തിന് പരിചയപ്പെടുത്താനാണ് പ്രബുദ്ധത പദ്ധതിയുടെ നടത്തിപ്പ് വഴി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശ്രമിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തായിരിക്കും ആദ്യഘട്ടത്തിൽ പദ്ധതി നടത്തിപ്പിന്റെ കേന്ദ്രസ്ഥാനമെങ്കിലും, പ്രഭാവം സംസ്ഥാനമെമ്പാടും അനുഭവവേദ്യമാകും. കമ്മ്യൂണിക്കേഷൻ സങ്കേതങ്ങളുടെ സ്വാധീനശേഷി പരമാവധി പ്രയോജനപ്പെടുത്തുന്ന സമീപനമായിരിക്കും പദ്ധതി നടത്തിപ്പിന് അവലംബിക്കപ്പെടുക. 6-8 മാസമാണ് പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടത്തിന്റെ കാലയളവ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഉപദേശക സമിതി എന്ന നിലവിട്ട് പ്രബുദ്ധതയുടെ നടത്തിപ്പ് ചുമതല ഉന്നത വിദ്യാഭ്യാസ കൗൺസിൽ നേരിട്ട് ഏറ്റെടുത്തിരിക്കുകയാണെന്നതാണ് എടുത്തുപറയേണ്ട മറ്റൊരു കാര്യം.

**പ്രബുദ്ധത-പങ്കാളികൾ ആരൊക്കെ:** ഉന്നത വിദ്യാഭ്യാസ കൗൺസിലിനും കരകുളം ഗ്രാമപഞ്ചായത്തിനും കുടുംബശ്രീ മിഷനും പുറമേ, പ്രോജക്ട് നടത്തിപ്പിൽ നേതൃത്വവും പങ്കാളിത്തവും വഹിക്കുന്നവരുടെ ശ്രേണിയിൽ താഴെപ്പറയുന്നവരാണ് ഉള്ളത്.

- സംസ്ഥാന ഭരണകൂടം, ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പ്.
- ബന്ധപ്പെട്ട എം.പി, എം.എൽ.എ
- കരകുളം ഗ്രാമ പഞ്ചായത്ത് ഭരണസമിതി.
- പഞ്ചായത്തിലെ കുടുംബശ്രീ സംവിധാനം.

- ബന്ധപ്പെട്ട ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകളിലെ ഭരണസമിതികൾ.
- സംസ്ഥാനത്തെ സർവകലാശാലകൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ-വിജ്ഞാന കേന്ദ്രങ്ങൾ ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളും പോളിടെക്നിക്കുകളും.
- സംസ്ഥാനത്തെ അക്കാദമിക സമൂഹം.
- എൻ.ജി.ഒ കൾ.
- എൻ.എസ്.എസ്. വോളന്റിയർമാർ
- അച്ചടി മാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും.
- ഐ & പി.ആർ.ഡി വകുപ്പ്, പ്രസ് ക്ലബ് തിരുവനന്തപുരം.
- അദ്ധ്യാപക, വിദ്യാർത്ഥി സംഘടനകൾ.
- നവമാധ്യമങ്ങളിൽ സജീവമായവർ.
- വിദ്യാഭ്യാസ വിചക്ഷണർ.
- ശാസ്ത്ര സാങ്കേതിക രംഗത്തെ വിദഗ്ദ്ധർ.
- സാമൂഹ്യ പ്രവർത്തകർ, സാംസ്കാരിക നായകർ.

സംസ്ഥാനത്തെ മുഴുവൻ എം.പി. മാരുടെയും എം.എൽ.എ മാരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പിന്തുണ പ്രബുദ്ധതയ്ക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷ.

കൺവേർജന്റ് കമ്മ്യൂണിറ്റി ആക്ഷന്റെയും അക്കാദമിക് വോളണ്ടിയറിസത്തിന്റെയും ഡെവലപ്മെന്റ് ജേർണലിസത്തിന്റെയും നവമാധ്യമങ്ങളുടെയും സോഷ്യൽ പ്രഷറിന്റെയും സാദ്ധ്യതകളും സങ്കേതങ്ങളും പ്രയോജനപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**പ്രോജക്ട് നടപ്പാക്കൽ:** പ്രോജക്ട് നടത്തിപ്പിൽ നേരിട്ട് ഭാഗഭാക്കുകൾ ആകുന്ന വിവിധ വിഭാഗങ്ങളുമായുള്ള ചർച്ചകളിലൂടെയും വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബ്രെയിൻ സ്റ്റോമിംഗ് സെഷനുകളിലൂടെയും പ്രബുദ്ധ നടത്തിപ്പിന്റെ രൂപ രേഖയും സമയക്രമവും തയ്യാറാക്കി ക്കഴിഞ്ഞു. ആശയവ്യാപനം സാദ്ധ്യമാക്കുന്നതിനാവശ്യമായ തീം സോംഗ് തെരുവ് നാടകം തുടങ്ങിയവയും തയ്യാറാക്കിട്ടുണ്ട്.

ജനകീയ കവി ശ്രീ. മുരുകൻ കാട്ടാക്കടയാണ് പ്രബുദ്ധതയുടെ തീം സോംഗിന്റെ രചനയും ആലാപനവും നിർവഹിച്ചിരിക്കുന്നത്. തെരുവ് നാടകം തയ്യാറാക്കിയിരിക്കുന്നത് കരകുളത്തെ ഗ്രാമീണ പഠന കേന്ദ്ര ത്തിന്റെ ഭാഗമായ കലാഗ്രാമവും. കോസ്റ്റ്ഫോർഡിലെ ആർക്കിടെക്ട് വിദ്യാർത്ഥികൾ രൂപകൽപ്പന ചെയ്ത്, കേരള സർവകലാശാലയുടെ പാളയം ക്യാമ്പസിലും കരകുളം ജംഗ്ഷനിലും സ്ഥാപിക്കുന്ന പ്രബുദ്ധത ഇൻസ്റ്റലേഷനുകളും ചോദ്യപ്പെട്ടികളുമായിരിക്കും മറ്റൊരു ആകർഷണം.

പ്രാരംഭഘട്ടം മുതൽതന്നെ പരമ്പരാഗത മാധ്യമങ്ങളുടേയും നവമാധ്യമങ്ങളിൽ സജീവരായവരുടേയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദ്യേശിക്കുന്നത്. ഫീൽഡ് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും, പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടവും വിശദമായി ഡോക്യുമെന്റ് ചെയ്യാനും ആത്മാർത്ഥതയും കാര്യശേഷിയുമുള്ള ഒരു സംഘം ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ഫീൽഡ് തല നിർവ്വഹണം ഏകോപിപ്പിക്കാൻ ഒരു ഫസിലിറ്റേറ്ററെയും നിയോഗിച്ചുകഴിഞ്ഞു.

പ്രബുദ്ധത എന്ന ആശയവും ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തിലെ ജനസാമാന്യത്തിനിടയിലും കേരള സമൂ ഹത്തിലും പ്രചരിപ്പിക്കാൻ ഒരു വോളണ്ടിയർ ടീം രൂപീകരിച്ചിട്ടുണ്ട്. ഈ

ടീമിൽ കൗൺസിൽ/ കുടുംബശ്രീ മിഷൻ ഉദ്യോഗസ്ഥർക്കു പുറമേ, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, അക്കാദമിക് വോളണ്ടിയർമാർ, എൻ.എസ്.എസ് വോളണ്ടിയർമാർ, പി.റ്റി.എ അംഗങ്ങൾ, എൻ.ജി.ഒ പ്രതിനിധികൾ തുടങ്ങിയവർ അംഗങ്ങളാണ്. വോളണ്ടിയർ ടീമിന് ഉന്നത വിദ്യാഭ്യാസ കൗൺസിലും കുടുംബശ്രീ മിഷനും ചേർന്ന് പരിശീലനം നൽകിക്കഴിഞ്ഞു.

പ്രബുദ്ധത വോളണ്ടിയർമാർ കരകുളം പഞ്ചായത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പിൻബലത്തോടെ പ്രവർത്തിക്കുകയും, ഉന്നത വിജ്ഞാനത്തിന്റെ പ്രസക്തിയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും സാധാരണ മനുഷ്യരിൽ ചിന്തകൾ ഉണർത്താൻ പര്യാപ്തമായ ചോദ്യങ്ങൾ ഉന്നയിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യും. ഉന്നത വിജ്ഞാന ഉൽപ്പന്നങ്ങളിൽ നികുതിദായകരായ തങ്ങൾക്കും അവകാശമുണ്ടെന്ന ബോധം സമൂഹത്തിൽ ഉളവാക്കാനാണ് പ്രബുദ്ധത വോളണ്ടിയർ ടീം ശ്രമിക്കുക.

വോളണ്ടിയർ ടീമിന്റെ പ്രവർത്തനഫലമായി സർവകലാശാലകൾ, മറ്റ് വിജ്ഞാന കേന്ദ്രങ്ങൾ, സാങ്കേതിക വിദഗ്ദ്ധർ, ശാസ്ത്രജ്ഞർ തുടങ്ങി ഉന്നത വിജ്ഞാനത്തിന്റെ കൈക്കാരോടും ഉൽപാദകരോടും തങ്ങൾക്ക് ഉന്നയിക്കാനുള്ള വിജ്ഞാന സംബന്ധമായ ചോദ്യങ്ങൾ തയ്യാറാക്കാൻ കരകുളം നിവാസികൾക്ക് പ്രാപ്തി ലഭിക്കും. കൂടാതെ സാമൂഹ്യ മാദ്ധ്യമങ്ങളുടെ സഹായത്തോടെ ഉന്നത വിജ്ഞാന കേന്ദ്രങ്ങൾക്ക് മുന്നിൽ ഉന്നയിക്കാനുള്ള 'അറിവുമായി' ബന്ധപ്പെട്ട ചോദ്യങ്ങളും സംശയങ്ങളും ആശങ്കകളും ആശയങ്ങളും കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിൽനിന്നും ശേഖരിക്കാൻ ശ്രമം നടത്തും. ഇത്തരത്തിൽ സമൂഹത്തിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിക്കുന്ന ചോദ്യാവലികൾ തുറന്ന കത്തുകളായി ബന്ധപ്പെട്ട വിജ്ഞാനകേന്ദ്രങ്ങൾക്കും വിദഗ്ദ്ധർക്കും

അയച്ചുകൊടുക്കുകയും അവരോട് നിശ്ചിത തീയതികളിൽ കരകുളം പഞ്ചായത്തിന്റെ പരിധിയിലുള്ള ഏതെങ്കിലും പൊതുസ്ഥലത്ത് വന്ന് ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്യും. (ഉദാഹരണത്തിന് *"നിങ്ങൾ റോക്കറ്റ് വിക്ഷേപിക്കുന്നതുകൊണ്ട് ഞങ്ങൾക്കെന്താണ് പ്രയോജനം"* എന്ന ചോദ്യം വി.എസ്.എസ്.സിക്ക് നൽകുന്ന ചോദ്യാവലിയിൽ കണ്ടേക്കാം. അല്ലെങ്കിൽ " *എക്സ് പ്രദേശത്തെ പരമ്പരാഗത നെയ്ത്ത് മേഖലയുടെ തകർച്ചയെക്കുറിച്ച് ഡോ. വൈ നടത്തിയ ഗവേഷണ പ്രബന്ധത്തിലെ കണ്ടെത്തലുകൾ എന്തൊക്കെ? പ്രബന്ധത്തിന്റെ പകർപ്പുകൾ ടെക്സ്റ്റൈൽ മന്ത്രാലയത്തിനും HANTEX നും നൽകിയിട്ടുണ്ടോ? മലയാളം പതിപ്പ് ബാലരാമപുരം കൈത്തറി തൊഴിലാളി സഹകരണസംഘത്തിന് നൽകിയിരുന്നോ?*" എന്നൊക്കെ കേരള സർവ്വകലാശാലയോട് ചോദിച്ചേക്കാം.) തുറന്ന കത്തുകൾക്ക് ആവശ്യമായ പ്രചരണം നൽകാൻ പദ്ധതി നടത്തിപ്പിൽ പങ്കാളികളായ പരമ്പരാഗത മാധ്യമങ്ങളും നവമാധ്യമങ്ങളും തയ്യാറാകുമെന്നാണ് പ്രതീക്ഷ.

ഇത്തരത്തിൽ ലഭിക്കുന്ന തുറന്ന കത്തുകൾക്ക് സാധാരണക്കാരന് ദഹിക്കുന്ന ഭാഷയിൽ മറുപടി തയ്യാറാക്കി അവതരിപ്പിക്കാൻ വിജ്ഞാന കേന്ദ്രങ്ങൾ തയ്യാറാകുകതന്നെ ചെയ്യും. ഭരണ കൂടത്തിന്റെയും കുടുംബശ്രീ സംവിധാനത്തിന്റെയും മാധ്യമങ്ങളുടെയും സജീവ പങ്കാളിത്തം സംജാതമാക്കുന്ന സോഷ്യൽ പ്രഷർ അതിജീവിച്ച് പദ്ധതി പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യം അവഗണിക്കാൻ വിജ്ഞാന കേന്ദ്രങ്ങൾക്ക് കഴിയില്ല.

**പ്രബുദ്ധത ദിനാചരണവും പ്രബുദ്ധത പ്രഖ്യാപനവും:-** കരകുളം നിവാസികൾ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ-വിജ്ഞാന കേന്ദ്രങ്ങൾക്കും സമർപ്പിക്കുന്ന വിജ്ഞാന സംബന്ധമായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളുമായി ബന്ധപ്പെട്ട സ്ഥാപന അധികാരികൾ പഞ്ചായത്തിലെത്തുന്ന ദിവസം **പ്രബുദ്ധതാദിനമായി** ആചരിക്കും. പ്രബുദ്ധത പദ്ധതിയുടെ ഭാഗമായി കേരള സമൂഹത്തിൽ നിന്ന് ലഭിച്ച ആശയങ്ങൾ, ആവശ്യങ്ങൾ, ഗവേഷണ വിഷയങ്ങൾ തുടങ്ങിയവ അന്ന് കരകുളം നിവാസികൾ സ്ഥാപന അധികാരികൾക്ക് കൈമാറും. പ്രബുദ്ധത പ്രഖ്യാപനവും അന്നേ ദിവസം തന്നെ ഉണ്ടാകും. 2019 ജനുവരി 1-ാം തീയതി പ്രബുദ്ധത ദിനമായി ആചരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇപ്രകാരം നടക്കുന്ന **വിജ്ഞാന വിനിമയ സമ്പർക്ക പരിപാടികളുടെയും പ്രബുദ്ധത പ്രഖ്യാപനത്തിന്റെയും** തുടർച്ചയായി, പഞ്ചായത്തിലെ ജനങ്ങളെ ഒരു നിശ്ചിത തീയതിയിൽ തങ്ങളുടെ സ്ഥാപനം സന്ദർശിക്കാൻ ക്ഷണിക്കാൻ വിജ്ഞാന കേന്ദ്രങ്ങളെ പ്രേരിപ്പിക്കും. ഇങ്ങനെ വിവിധ വിജ്ഞാന കേന്ദ്രങ്ങൾ പ്രഖ്യാപിക്കുന്ന **ഓപ്പൺ ഡേയിൽ** പഞ്ചായത്തിലെ തത്പരരായ വ്യക്തികൾ വിജ്ഞാന കേന്ദ്രങ്ങൾ സന്ദർശിച്ച്, ലാബുകളിലും വർക്ക് ഷോപ്പുകളിലും മറ്റും നടക്കുന്ന പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുകയും ഗവേഷകരും ശാസ്ത്രജ്ഞരും മറ്റുമായി നേരിട്ട് സംവദിക്കുകയും ചെയ്യും. (വിജ്ഞാന വിനിമയ സമ്പർക്ക പരിപാടികൾ റിക്കാർഡ് ചെയ്യുകയും, എഡിറ്റ് ചെയ്ത പതിപ്പുകൾ യു ട്യൂബ്, വാട്ട്സ് ആപ്പ് തുടങ്ങിയ നവമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും ചെയ്യും.)

പദ്ധതിയുടെ പ്രധാന തീം മേൽ പ്രകാരം സമാരംഭിച്ച് ഓപ്പൺ ഡേ ആചരണത്തോടെ പരിസമാപ്തിയിലെത്തുമെങ്കിലും, ഇതുമാത്രമായിരിക്കില്ല പ്രബുദ്ധതയുടെ ഭാഗമായി നടക്കുക. അക്കാദമിക് വോളണ്ടിയറിസത്തിന്റെയും കോളേജുകളുടെ എക്സ്റ്റൻഷൻ

പ്രവർത്തനങ്ങളുടേയും ഭാഗമായി കേരളത്തിന്റെ അങ്ങോളമിങ്ങോളം പ്രബുദ്ധത സെമിനാറുകളും ബോധന ക്ലാസ്സുകളും നടക്കും. വിവിധ ഉന്നത വിജ്ഞാന ശാഖകളെ സാധാരണക്കാർക്ക് പരിചയപ്പെടുത്താനുള്ള കൈപ്പുസ്തകങ്ങളും വീഡിയോ ക്ലിപ്പുകളും തയ്യാറാക്കപ്പെടും. വിവിധ വിജ്ഞാന മേഖലകളിലെ വിദഗ്ദ്ധരെക്കൊണ്ട് തങ്ങളുടെ മേഖലകളെക്കുറിച്ചും ജനങ്ങളുടെ ജീവിതത്തിലും തൊഴിലിലും മറ്റും പ്രസ്തുത വിജ്ഞാനശാഖകൾക്ക് ചെലുത്താൻ കഴിയുന്ന സ്വാധീനത്തെക്കുറിച്ചും ലഘുലേഖകൾ തയ്യാർ ചെയ്യിക്കും. മറ്റ് പ്രദേശങ്ങളിൽ പ്രബുദ്ധതയോ സമാന സ്വഭാവമുള്ള പദ്ധതികളോ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ പ്രയോജന പ്രദമാകത്തക്കവിധത്തിൽ, പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടവും വിശദമായി ഡോക്യുമെന്റ് ചെയ്യുന്നുണ്ട്.

**പ്രതീക്ഷിത ഫലങ്ങൾ** :പ്രബുദ്ധത പദ്ധതി നടത്തിപ്പിന്റെ സദ്ഫലങ്ങൾ താഴെപ്പറയുന്നവയായിരിക്കുമെന്ന് കണക്കുക്കൂട്ടുന്നു.

- ഉന്നത വിജ്ഞാനവുമായി ബന്ധപ്പെട്ട് സാധാരണക്കാരിൽ സംജാതമാകാൻ പോകുന്ന അവകാശബോധം.
- വിവിധ ഉന്നത വിജ്ഞാന ശാഖകളുടെ പ്രായോഗിക ഫലക്ഷമത സാധാരണക്കാരുടെ ജീവിതത്തിലും തൊഴിലിലും പരിസ്ഥിതി പ്രശ്നങ്ങളിലും മറ്റും ഉളവാക്കാൻ പോകുന്ന പ്രഭാവം.
- ഉന്നത വിജ്ഞാന കേന്ദ്രങ്ങളിൽ പരിമിതാർത്ഥത്തിലെങ്കിലും നടക്കുന്ന സോഷ്യൽ ഓഡിറ്റ്.
- സർവകലാശാലകളിലും മറ്റ് വിജ്ഞാന കേന്ദ്രങ്ങളിലും ഉളവാകാൻ പോകുന്ന മനോഭാവമാറ്റം.

- ജനസാമാന്യത്തിനെ മുന്നിൽകണ്ട്, സാമൂഹ്യ പ്രതിബദ്ധതയോടെ ഗവേഷണ പരിപാടികളും വിജ്ഞാനോത്പ്പാദനവും നടത്താൻ സർവകലാശാലകൾക്കും വിജ്ഞാന കേന്ദ്രങ്ങൾക്കും ലഭിക്കുന്ന പ്രേരണ.
- വിവിധ ഉന്നത വിജ്ഞാന ശാഖകളും അവയുടെ പ്രയോഗിക ഫലക്ഷമതയും സാധാരണക്കാർക്ക് പരിചയപ്പെടുത്താൻ തയ്യാറാക്കപ്പെടുന്ന കൈപ്പുസ്തകങ്ങൾ, വീഡിയോ ക്ലിപ്പുകൾ മറ്റ് മൾട്ടിമീഡിയ കിറ്റുകൾ.
- തങ്ങൾ കൈയ്യാളുന്ന വിജ്ഞാന ശാഖകളെക്കുറിച്ച് സാധാരണക്കാരോട് സംവദിക്കാൻ ഓരോ ഉന്നത വിജ്ഞാന കേന്ദ്രത്തിലും രൂപപ്പെടുന്ന വേറിട്ട ഭാഷയും ആശയ വിനിമയ സമ്പ്രദായവും.
- സമൂഹത്തിൽനിന്ന് ലഭിക്കുന്ന ആശയങ്ങളുടേയും ആവശ്യങ്ങളുടേയും ഗവേഷണ വിഷയങ്ങളുടെയും അടിസ്ഥാനത്തിൽ നടക്കുന്ന പഠനങ്ങളും ഗവേഷണങ്ങളും പ്രോജക്ടുകളും മറ്റ് കർമ്മ പരിപാടികളും.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടക്കമുള്ള വിജ്ഞാന കേന്ദ്രങ്ങളും സമൂഹവുമായി മെച്ചപ്പെട്ട ബന്ധം, സഹകരണം, സഹവർത്തിത്വം.
- വിദ്യാഭ്യാസ - വിജ്ഞാന കേന്ദ്രങ്ങളുടെ എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾക്ക് പുത്തനുണർവും ദിശാബോധവും.
- Social Angle in Research & Knowledge Production (SARK) - സർവ്വകലാശാലകളുടേയും മറ്റ് വിജ്ഞാന കേന്ദ്രങ്ങളുടേയും പ്രവർത്തനം വിലയിരുത്താൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുന്നോട്ട് വയ്ക്കുന്ന പുതിയ മാനദണ്ഡം.

- CSR കോർപ്പറേറ്റുകൾക്ക് നിർബന്ധമാക്കിയതുപോലെ, സാധാരണക്കാർക്കിടയിൽ ഉന്നത വിജ്ഞാനവിനിമയം ഉറപ്പാക്കാനായി KDR (Knowledge Dissemination Responsibility) സർവകലാശാലകളുടേയും മറ്റ് വിജ്ഞാന കേന്ദ്രങ്ങളുടേയും നിയമപരമായ ബാധ്യതയാക്കാനുള്ള പ്രേരണ.
- ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുന്നോട്ടുവെയ്ക്കുന്ന SARK, KDR എന്നീ ആശയങ്ങൾ NAAC, SAAC പോലുള്ള അക്രഡിറ്റേഷൻ ഏജൻസികളുടെ ഗ്രേഡിംഗ് മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്താനുള്ള സാധ്യത.
- കൺവേർജന്റ് കമ്മ്യൂണിറ്റി ആക്ഷൻ, അക്കാദമിക് വോളണ്ടിയറിസം, ഡെവലപ്പ്മെന്റ് ജേർണലിസം തുടങ്ങിയ തുറകളിലുണ്ടാകുന്ന പുത്തൻ ഉണർവ്വ്.

*******